**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2557** **13-09-2023 - ൽ മറുപടിയ്ക്ക്**

**മാമല എക്സൈസ് റേഞ്ച് ഓഫീസിന് പുതിയ വാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മാമല എക്സൈസ് റേഞ്ച് ഓഫീസിന്റെ പ്രവർത്തന പരിധി ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ടതാണെന്നറിയിക്കാമോ; | (എ) | മാമല എക്സൈസ് റേഞ്ച് ഓഫീസിന്റെ പ്രവർത്തന പരിധിയിൽ തിരുവാണിയൂർ, കുന്നത്തുനാട്,കിഴക്കമ്പലം, ഐക്കരനാട്, വടവുകോട്-പുത്തൻകുരിശ്, പൂതൃക്ക എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്നു. |
| (ബി) | പ്രസ്തുത ഓഫീസിലെ ഡിപ്പാർട്ട്മെന്റ് ജീപ്പ് ഉപയോഗയോഗ്യമല്ലാത്ത അവസ്ഥയിലായതിനാൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് തടസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. നിലവിലുള്ള ജീവനക്കാരെയും വാഹനവും ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തി വരുന്നു. |
| (സി) | പ്രസ്തുത വാഹനത്തിന് എത്ര വർഷത്തെ കാലപ്പഴക്കം ഉണ്ടെന്ന് അറിയിക്കാമോ; | (സി) | 15 വർഷം |
| (ഡി) | മാമല എക്സൈസ് റേഞ്ച് ഓഫീസിന് പുതിയ വാഹനം അനുവദിക്കുന്ന കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | 2023 ഒക്ടോബർ മാസം 15 വർഷം പൂർത്തിയാകുന്നതും കണ്ടംനേഷന് വിധേയമാകുന്നതുമായ മാമല എക്സൈസ് റേഞ്ച് ഓഫീസിലെ KL-01-AS-8510 മഹിന്ദ്ര ജീപ്പ് (2008 മോഡൽ) മാറ്റി വാങ്ങുന്നത് ഉൾപ്പെടെ 33 പുതിയ വാഹനങ്ങൾ Gem മുഖാന്തിരം എക്സൈസ് വകുപ്പിനായി വാങ്ങുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് എക്സൈസ് കമ്മീഷണർ ലഭ്യമാക്കിയിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു . |

സെക്ഷൻ ഓഫീസർ